Mr. C. J. Mathew *(Joint Secretary to Governmet)*:

(*a*) There is at present an X-ray apparatus in the Trichur Civil Hospital. One mobile unit was removed from there as it was found that it was needed more in the General Hospital.

(*b*) It was removed to General Hospital, where it is in frequent use.

മിസ്സ് ആനിജോസഫ്: സിവിലാശുപത്രിയിൽ ഏതു ഡെക്ഷനിലാണ് X-ray ഉള്ളത്?

മിസ്റ്റർ സി. ജെ. മാത്യു: ടി. ബി. സെക്ഷനിലാണ്.

മിസ്സ് ആനിജോസഫ്: ടി. ബി. സെക്ഷനിലേക്കു സാധാരണ ആളുകൾ പോകുമൊ?

മിസ്റ്റർ സി. ജെ. മാത്യു: എല്ലാവക്കും പോകാം. അതു ഉപയോഗിക്കുന്നതിനു എല്ലാവരേയും അനുവദിക്കണമെന്നു് ആഡ്വൈസുണ്ട്.

മിസ്സ് ആനിജോസഫ്: ടി. ബി. ക്കു ഉപയോഗിക്കുന്ന X-ray ഉപയോഗിക്കുന്നതിനു് സാധാരണക്കാക്കു സന്തോഷമുണ്ടാകയില്ലെന്നു ഗവണ്മെണ്ടിനറിയാമൊ?

മിസ്റ്റർ സി. ജെ. മാത്യു: സന്തോഷക്കേടുണ്ടാകേണ്ട ആവശ്യമില്ല.

മിസ്റ്റർ പി. മാണി: ലോകത്തിൽ എല്ലാസ്ഥലങ്ങളിലും ടി. ബി. ആശുപത്രി മറ്റു ആശുപത്രിയുടെ വളരെ ദൂരെയാണു് നടത്തുന്നതെന്നു ഗവണ്മെൻറിനറിയാമൊ?

മിസ്റ്റർ സി. ജെ. മാത്യു: ഇതു് ആശുപത്രിയല്ല; ക്ലിനിക്കാണു്.

SUPERINTENDENT OF REGISTRATION—QUALIFICATIONS FOR

൭൪. മിസ്റ്റർ ടി. കെ എൽ. കുഞ്ഞുവറീതു്: താഴെ പായുന്ന പോദ്യങ്ങൾക്കു ഗവണ്മെണ്ടു് ദയവു പറപടി പറയുമോ?

(എ) റജിസ്ട്രേഷൻ ആൻറ് അഞ്ചൽ സിപ്പാർട്ടുമെണ്ടുകൾ എന്നാണു് കൂട്ടിചേർത്തതു്.

(ബി) റജിസ്ട്രേഷൻ സൂപ്രണ്ടു് ഒരു ലൊ ഗ്രാഡുവൈറ്റായിട്ടല്ലെ പതിവു്;

(സി) അതു വേണ്ടന്നു വെക്കുവാൻ കാരണം മന്താണു്;

(ഡി) കമ്പനി നിയമങ്ങളുടേയും മറ്റും പ്രവർത്തനം നടത്തേണ്ടതിലേക്കു ഒരു നിയമജ്ഞനല്ലെ വേണ്ടതു്?

മിസ്റ്റർ കെ. എസ്സ്. രാഘവൻ:

(എ) ൧൯൪൫ മിനത്തിൽ.

(ബി) അല്ല. ഗ്രാഡുവെറ്റുകളും റജിസ്ട്രേഷൻ സൂപ്രണ്ടുമാരായി ഇരുന്നിട്ടുണ്ടു്,

(സി) ഉത്തരം ആവശ്യമില്ല.

(ഡി) ഒരു ലൊ ഗ്രാഡുവെറ്റ് ആവശ്യമെന്നു തോന്നുന്നില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ റജിസ്ട്രേഷൻ, ആപ്പീൽ, മുതലായ സംഗതികളൊക്കെ റജിസ്ട്രേഷൻ സൂപ്രണ്ടല്ലെ അന്വേഷിക്കുന്നതു്?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: അതെ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: കമ്പനീസ് ആക്ടു്, കോസ് ആക്ടു് മുതലായ നിയമപ്രകാരം നടത്തുന്ന കാര്യങ്ങളും അദ്ദേഹമല്ലെ അന്വേഷിക്കേണ്ടതു്?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: അതെ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അപ്പോൾ നിയമപരിജ്ഞാനമില്ലാത്ത ആൾക്കു് അതു് സാധിക്കുമൊ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: സാധിക്കും.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: നിയമപരിജ്ഞാനമില്ലാത്ത ആളയാൽ നിയമപരമായ കാര്യങ്ങൾ നടത്തുവാൻ സാധിക്കുമൊ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: സാധിക്കും. ഈ നിയമം വായിച്ചു മനസ്സിലാക്കി വേണ്ടതുപോലെ ചെയ്യുവാനുള്ള സാമർത്ഥ്യമുണ്ടായാൽ മാത്രം മതി.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അങ്ങിനെയാണെങ്കിൽ നിയമം പഠിക്കാത്ത ആളെ ജഡ്ജിയാക്കാമോ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: അതു പ്രയാസമായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കുമാരൻ എഴുത്തശ്ശൻ: നിയമപരിജ്ഞാനമുള്ളവരാണെങ്കിൽ അതു കുറെ കൂടി നന്നായിരിക്കുമെന്നു ഗവൺമെൻറിനറിയാമോ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: അതു നല്ലതാണു്. പക്ഷെ അതില്ലാത്ത ബി. എ. ക്കാരും മറ്റും വളരെ ഭംഗിയായിട്ടു നടത്തുന്നുണ്ടു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: മേലാലെങ്കിലും നിയമപരിജ്ഞാനമുള്ളവരെ ആ സ്ഥാനത്തു വെക്കുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: മേലാൽ ആളെ വെക്കേണ്ട ആവശ്യം വരുമ്പോൾ ആലോചിക്കേണ്ട കാര്യമാണതു്.

മിസ്റ്റർ കെ. ഐ. വേലായുധൻ: കമ്പനീസ് നിയമങ്ങൾ നോക്കുവാൻ പ്രത്യേകിച്ചു നിയമമറിയാവുന്ന ഉദ്യോഗസ്ഥൻ സൂപ്രണ്ടിൻെറ കീഴിലുണ്ടോ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: പ്രത്യേകിച്ചു അസിസ്റ്റാണ്ടു് രജിസ്ട്രാറുണ്ടു്.

മിസ്റ്റർ കെ. ഐ. വേലായുധൻ: അസിസ്റ്റാണ്ടു് രജിസ്ട്രാരുടെ പാസ്സ്നെന്താണു്?

മിസ്റ്റർ കെ. എസ്സ് രാഘവൻ: മെട്രിക്കുലേറ്റാണു്. കമ്പനി നിയമത്തിൽ വളരെ പരിചയമുള്ള ആളാണു്. കാര്യങ്ങളെല്ലാം വളരെ ഭംഗിയായിട്ടു നടക്കുന്നുമുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇപ്പോൾ ശരിയായി നടക്കുന്നുണ്ടാകും. കുറിബ്രിൽ കമ്പനിസ് ആക്ടു് മുതലായതു പ്രകാരം പലതും പ്രവൃത്തിക്കുവാനുള്ളതുകൊണ്ടു് ആ സ്ഥാനത്തു ഒരു ലാഗ്രാഡുവേറ്റുണ്ടായാൽ കൂടുതൽ ഗുണമുണ്ടാകുമെന്നു അറിയാമോ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: അതു് ആളുടെ ഗുണമനുസരിച്ചിരിക്കും.

മിസ്റ്റർ സി. ജെ. ചിറയത്തു്: എക്സ്പീരിയൻസു് നോക്കി കൊടുക്കയാണെങ്കിൽ, എല്ലാഡിപ്പാർട്ടുമെൻറിലും എല്ലാ ഉദ്യോഗങ്ങളും കമ്പിറ്റീഷൻ നോക്കാതെ സർവ്വീസ് പരിചയമുള്ളവർക്കു് കൊടുത്താൽ പോരെ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: അതിനു ജനറലായിട്ടു ഒരു മറുപടി പറയാൻ തരമില്ല. ഓരോ ജോലിയും പ്രത്യേകം എടുത്തു പറഞ്ഞാൽ മറുപടി പറയാം.

മിസ്റ്റർ സി. ജെ. ചിറയത്തു്: രജിസ്ട്രേഷൻ സൂപ്രണ്ടിൻെറ ഉദ്യോഗം വളരെ ഉത്തരവാദിത്വമുള്ളതാണു്. അതിനു ആവശ്യമായ പരീക്ഷ വേണ്ടെന്നു പറയുന്നു. അപ്പോൾ മറ്റു ഡിപ്പാർട്ടുമെണ്ടുകളിലും അങ്ങിനെ ചെയ്താൽ പോരെ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: ഈ അസിസ്റ്റാണ്ടു് രജിസ്ട്രാർ ഗ്രാഡ്വേറ്റ് അല്ലെങ്കിലും നിയമത്തിൽ നല്ല പരിചയമുണ്ടു്. ജോലിയും ഭംഗിയായി ചെയ്യുന്നുണ്ടു്.

മിസ്റ്റർ കെ. ഐ. വേലായുധൻ: ഈ സ്ഥാനത്തു് ബി. എൽ. പാസ്സായ എക്സ്പീരിയൻസുള്ള ഒരാളെ വെക്കുന്നതിനു വിരോധമുണ്ടോ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: വിരോധമുണ്ടാവില്ല. മേലാൽ വെക്കുമ്പോൾ ആലോചിക്കേണ്ട സംഗതിയാണിതു്.

SOLDIERS LITIGATION ACTS

൭ ൪. മിസ്റ്റർ സി. എൻ. ഇട്ടിരവിനമ്പൂതിരി: താഴെ പറയുന്ന ചോദ്യത്തിനു ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

യുദ്ധസേവനത്തുകളിൽ പോയിട്ടുള്ളവർ പ്രതികളായ കേസ്സുകളുടെ വിചാരണ നിറുത്തിവെക്കുന്ന നിയമം വളരെ അന്യായമായി പരിണമിച്ചിട്ടുണ്ടെന്നു ഗവൺമെണ്ടു ധരിച്ചിട്ടുണ്ടോ?

മിസ്റ്റർ എ. മാധവപ്പട്ടർ: ഈ നിയമംകൊണ്ടു അനീതി സംഭവിക്കുന്നുണ്ടെന്നു വിചാരിപ്പാൻ ഗവൺമെണ്ടു് കാരണം കാണുന്നില്ല.

മിസ്റ്റർ സി. എൻ. ഇട്ടിരവിനമ്പൂതിരി: നീതികിട്ടാനാണു് വ്യവഹാരം കൊടുക്കുന്നതു്. നീതി ആവശ്യപ്പെട്ടാൽ അതു കിട്ടാതിരിക്കുന്നതു് ഒരനീതിയല്ലേ?

മിസ്റ്റർ എ. മാധവപ്പട്ടർ: ആളിവിടെയില്ലാത്ത സമയത്തു് അയാളുടെ മേൽ നടപടിയെടുക്കുന്നതുതന്നെ അനീതിയാണു്.

മിസ്റ്റർ സി. എൻ. ഇട്ടിരവിനമ്പൂതിരി: ഇപ്പോൾ എത്ര വ്യവഹാരം ഇങ്ങിനെ നിത്തിവെച്ചിട്ടുണ്ടു്?

LIBRARY ARCHIVES Kerala Legislative Assembly